(2) 1999-ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധിബിൽ-ശ്രീ. അടൂർ പ്രകാശ് നോട്ടീസ് നൽകിയത്

(പ്രമേയാവതാരകൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ചർച്ചയ്ക്കെടുത്തില്ല)

(3) കേരള പബ്ലിക് സർവ്വീസ് (അമെന്റ്മെന്റ്) ബിൽ, 1998

(ശ്രീ. ടി.എസ്. ജോൺ നോട്ടീസ് നൽകിയത്)

ശ്രീ. ടി.എസ്. ജോൺ : സർ, പെൻഷൻ പ്രായം 55-ൽ നിന്ന് 58 ആക്കണം എന്നുള്ളതാണ് എന്റെ ഈ ബില്ലിലെ മുഖ്യ ഉദ്ദേശം. നമുക്കറിയാം ജീവനക്കാരുടെ പെൻഷൻ പ്രായം നിശ്ചയിക്കുന്നതിന്റെ പ്രധാന മാനദണ്ഡമായി കാണുന്നത് നിലവിലുള്ള ആയുർദൈർഘ്യമാണ്. ആയുർദൈർഘ്യത്തെ ആശ്രയിച്ചാണ്. നമുക്കറിയാം വികസിത രാജ്യങ്ങളിൽ ആവറേജ് 100 വയസ്സോളം ആയിട്ടുണ്ട്. നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം ഏതാണ്ട് 73 വയസ്സാണ് ആയുർദൈർഘ്യം. മറ്റ് സംസ്ഥാനങ്ങളിൽ അത് 62 ഒക്കെയാണ്. അപ്പോൾ വികസിത രാജ്യങ്ങളിലെ ആയുർ ദൈർഘ്യത്തിന് അനുസരിച്ച് നോക്കിയാലും നമ്മുടെ സംസ്ഥാനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുമ്പന്തിയിൽത്തന്നെയാണ്. വിദേശ രാജ്യങ്ങളിൽ നോർവേയിലാണെങ്കിൽ പെൻഷൻപ്രായം 70 ആണ്. അമേരിക്കയിൽ 67. അവിടെ ആയുർദൈർഘ്യം ഏകദേശം 100 ആണ്. ഇറ്റലിയിൽ 65, അർജന്റീനയിൽ 65, ജപ്പാനിൽ 65, ചൈനയിൽ 60, ഫിലിപ്പൈൻസിൽ 60, പാകിസ്ഥാനിൽ 60, നമ്മുടെ രാജ്യത്ത് 60. നമുക്കറിയാം ആയുർദൈർഘ്യത്തിന്റെ കാര്യമെടുത്താൽ ആന്ധ്രാപ്രദേശിൽ ആയുർദൈർഘ്യം 62, പെൻഷൻപ്രായം 58. ആസാമിൽ ആയുർദൈർഘ്യം 58 പെൻഷൻപ്രായം 58. ബീഹാറിൽ ആയുർ ദൈർഘ്യം 62, പെൻഷൻ പ്രായം 58. ഗുജറാത്തിൽ ആയുർദൈർഘ്യം 62, പെൻഷൻ പ്രായം 60. ഹരിയാന: ആയുർദൈർഘ്യം 65, പെൻഷൻ പ്രായം 58. കർണ്ണാടക: ആയുർദൈർഘ്യം 63, പെൻഷൻപ്രായം 58. കേരളത്തിൽ ആയുർദൈർഘ്യം 73, പെൻഷൻ പ്രായം 55. മദ്ധ്യപ്രദേശ് ആയുർദൈർഘ്യം 58, പെൻഷൻ പ്രായം 56. മഹാരാഷ്ട്രയിൽ ആയുർദൈർഘ്യം 66, പെൻഷൻ പ്രായം 60. ഒറീസയിൽ ആയുർദൈർഘ്യം 58, ഇപ്പോൾ അവിടെ പെൻഷൻ പ്രായം 60 ആക്കി. പഞ്ചാബിൽ ആയുർദൈർഘ്യം 69, പെൻഷൻ പ്രായം 58. രാജസ്ഥാൻ ആയുർദൈർഘ്യം 60, പെൻഷൻ പ്രായം 60. തമിഴ്നാട്ടിൽ ആയുർദൈർഘ്യം 66, പെൻഷൻ പ്രായം 58. ഉത്തർ പ്രദേശ് ആയുർദൈർഘ്യം 61, പെൻഷൻ പ്രായം 60. പശ്ചിമബംഗാളിൽ ആയുർദൈർഘ്യം 66, പെൻഷൻ പ്രായം 60. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ നമ്മുടെ ഇന്ത്യാ രാജ്യത്ത് കേരളത്തിലാണ് ആയുർദൈർഘ്യം കൂടുതലായിട്ടുള്ളത്. എന്നാൽ പെൻഷൻപ്രായം കേരളത്തിൽ 55 മാത്രം; ഏറ്റവും മിനിമവും. മറ്റ് സംസ്ഥാനങ്ങളിൽ 58, 60 എന്നിങ്ങനെയാണ്.

ശ്രീ. പാലോട് രവി : സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം കൂട്ടണമെന്നു പറഞ്ഞ് അങ്ങ് ഇപ്പോൾ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നു. രാഷ്ട്രീയത്തിൽ എത്ര വയസ്സുവരെ പോകാം ഈ പെൻഷൻ പ്രായം?

ശ്രീ. ടി.എസ്. ജോൺ : രാഷ്ട്രീയത്തിലും ഒരു പെൻഷൻ പ്രായം വയ്ക്കുന്നത് നല്ലതാണ്. അതിനും ഒരു പ്രായപരിധി നിശ്ചയിക്കുന്നത് നല്ലതാണ്. ഒരു പ്രായപരിധി വേണം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : രാഷ്ട്രീയത്തിൽ പെൻഷൻപ്രായം വയ്ക്കണം എന്ന് ബഹു. അംഗം പറഞ്ഞത് അദ്ദേഹത്തിന്റെ മനസ്സിൽ അദ്ദേഹത്തിന് തടസ്സം നിൽക്കുന്ന ചില ആളുകൾ ഉള്ളതുകൊണ്ട് അവരെ കവച്ചുവയ്ക്കാൻ വേണ്ടിയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly